# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1222**.

**06-03-2018 ൽ മറുപടിയ്ക്ക്**

## ഒല്ലൂർ മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയിടങ്ങളാക്കാൻ പദ്ധതി

**ചോദ്യം**
ശ്രീ.കെ. രാജൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒല്ലൂർ നിയോജകമണ്ഡലത്തിലെ കൃഷിയോഗ്യമായ തരിശുനിലങ്ങളും തരിശുഭൂമിയും സജീവ കൃഷിയിടങ്ങളാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (എ) | തരിശുരഹിത ഒല്ലൂരിന്റെ ഭാഗമായി കൃഷി സമൃദ്ധി എന്ന പേരിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും തരിശായ സ്ഥലങ്ങളുടെ സർവ്വേ നമ്പറുകൾ വില്ലേജ് ഓഫീസിൽ നിന്നും ശേഖരിക്കുകയും ചെയ്തു. കൃഷി വകുപ്പിന്റെ തരിശുകൃഷി ധനസഹായ പദ്ധതി പ്രകാരം ഹെക്ടറിന് 25,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമസ്ഥനും നൽകുന്നു.<br>ഇതിനുപുറമേ വിവിധ പഞ്ചായത്തുകളിൽ ജനകീയാസൂത്രണ പദ്ധതികളിൽപ്പെടുത്തി ചുവടെപ്പറയുന്ന ഘടകങ്ങളും നടപ്പാക്കിയിട്ടുണ്ട്.<br>മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഹെക്ടറിനു 10,000/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇവിടെ 8.816 ഹെക്ടർ തരിശുനിലം കൃഷി ചെയ്തു. ആയതിനു കൃഷി വകുപ്പിന്റെ പദ്ധതിയിൽ നിന്നും 2,20,400/- രൂപയും ഗ്രാമപഞ്ചായത്തിന്റെ ഫണ്ടായി 60,000/- രൂപയും ആനുകൂല്യം നൽകിയിട്ടുണ്ട്.<br>പുത്തൂർ ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഹെക്ടറിനു 17,000/- രൂപ ഉഴവു കൂലിയായി നൽകുന്നുണ്ട്. പുത്തൂർ കൃഷി ഭവനിൽ 12 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കിയിട്ടുണ്ട്.<br>നടത്തറ ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഹെക്ടറിനു 8,500/- രൂപ കൂലിച്ചെലവിനത്തിൽ ധനസഹായമായി നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഹെക്ടറിനു 17,000/- രൂപ ഉഴവുകൂലിയായി നൽകുന്നുണ്ട്. 2016 സാമ്പത്തിക വർഷത്തിൽ 12 ഹെക്ടർ സ്ഥലത്തും പൂർണ്ണമായി തരിശു കിടന്ന 5 ഹെക്ടർ സ്ഥലത്തും ഒന്നും രണ്ടും വർഷമായിട്ടുള്ള തരിശിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 33 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്തിട്ടുണ്ട്.<br>ഒല്ലൂക്കര ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഉഴവുകൂലി നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 9.668 ഹെക്ടർ സ്ഥലത്ത് തരിശുനിലം കൃഷി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ